ഡാനുഭവവും, ഫാദർ മെയറുടെ പീഡാനുഭവംപോലെ, കത്തോലിക്കസഭയുടെ മഹിമ വളർത്തുന്നതിനായിരുന്നില്ല.

വിശുദ്ധരായി പ്രഖ്യാപിക്കപ്പെടാൻ ഫാദർ മെയർക്കും സിസ്റ്റർ തെറേസിയയ്ക്കും അർഹതയുണ്ടോ എന്നതല്ല പ്രശ്നം. അവരെ പീഡിപ്പിച്ചുകൊന്ന നാത്സിപാർട്ടിയുമായി സഹകരിച്ച കത്തോലിക്കപ്പള്ളി, ഇപ്പോൾ അവരെ, അതേ പീഡാനുഭവങ്ങളുടെ പേരിൽ വിശുദ്ധരെന്നു പ്രഖ്യാപിക്കുന്നതിലെ ഔചിത്യമാണു ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നതു്.

(5 ജൂലൈ, 1987)

## 65. ഡ്രാക്കുള ജീവിക്കുന്നു

എന്തുകൊണ്ടു് മലയാളത്തിലെ വാരികകളിൽ ഇത്രയേറെ ക്രൂരകഥകൾ പ്രസിദ്ധീകരിക്കപ്പെടുന്നു? കള്ളച്ചാരായം കുടിച്ചു കുറേ ആളുകളുടെ കണ്ണു പൊട്ടുകയോ, തീവണ്ടി മറിഞ്ഞു് അനേകർക്കു് അപകടം പറ്റുകയോ, കാമുകൻ വഞ്ചിച്ച ഗർഭിണിയായ പെൺകുട്ടി കയറിൽ ജീവൻ ഒടുക്കുകയോ ഒക്കെ സംഭവിക്കുമ്പോഴേക്കും നമ്മുടെ പത്രങ്ങളിലെ ഫീച്ചർ എഴുത്തുകാരും ഫോട്ടോഗ്രാഫർമാരും സംഭവസ്ഥലങ്ങളിൽ മത്സരബുദ്ധിയോടെ പാഞ്ഞെത്തുന്നതിന്റെ കാരണമെന്താണു്?

ഭയം, അറപ്പു്, പക മുതലായവ നേരിട്ടു് അനുഭവിക്കാൻ രസമുള്ള വികാരങ്ങളല്ല. എന്നാൽ, മറ്റുള്ളവർ ഈ വികാരങ്ങളുടെ ജ്വാലകളിൽ കിടന്നുപിടയുന്നതു വിട്ടുനിന്നു കാണുമ്പോൾ, ക്രൂരമായ ഒരുതരം സംതൃപ്തി തോന്നാത്തവർ കുറവാണു്. ഭയാനകവും ബീഭത്സവും രൗദ്രവും മനുഷ്യരെ വലിയ തോതിൽ എക്കാലത്തും ആകർഷിച്ചിട്ടുണ്ടു്. വിദ്യാഭ്യാസവും സംസ്കാരവും വർദ്ധിച്ചിട്ടും ഈ പ്രാകൃതമായ ആകർഷണത്തിന്റെ പിടിയിൽനിന്നു വിട്ടുപോരാൻ മനുഷ്യർക്കു കഴിയുന്നില്ല. തനിക്കു് അപകടംവരില്ലെന്ന ഉറപ്പോടെ അക്രമങ്ങളിലും അത്യാഹിതങ്ങളിലും ആപത്തുകളിലും പങ്കെടുക്കുന്ന മനുഷ്യക്കു കൈവരുന്ന വികാരമൂർച്ഛ (ത്രിൽ) ഒന്നു വേറെതന്നെ.

ഈയാണ്ടിൽ ആഗസ്റ്റു് 28-ാം തീയതിയാണല്ലോ കേരളീയർ തിരുവോണം ആഘോഷിച്ചതു്. അതിനു നാലു ദിവസം മുമ്പു്, ആഗസ്റ്റു് 24-ാം തീയതി ഇററലിയിലെ പാദുവാ നഗരത്തിൽ അസാധാരണമായ ഒരു പ്രദർശനം ഉദ്ഘാടനംചെയ്യപ്പെടുകയുണ്ടായി. എട്ടു ആഴ്ച (രണ്ടു മാസം) നീണ്ടുനിന്ന ഈ പ്രദർശനം വാമ്പയറുകളെ (Vampire) കുറിച്ചായിരുന്നു.

ഏതു രാജ്യത്തും മനുഷ്യർക്കിടയിൽ പലതരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ടു്. പ്രേതങ്ങളെപ്പററി പല വിശ്വാസങ്ങളും നമ്മുടെ ഇടയിലുണ്ടല്ലോ. യൂറോപ്പിലെ ജനങ്ങളുടെ വിശ്വാസത്തിൽ പുലരുന്ന ഒരുതരം പ്രേതങ്ങളാണു് വാമ്പയറുകൾ. നമ്മുടെ വിശ്വാസപ്രകാരം പ്രേതങ്ങൾക്കു (മരിച്ചവരുടെ ആത്മാക്കൾക്കു്) ഭൗതിക ശരീരമില്ല; സൂക്ഷ്മശരീരം മാത്രമേ ഉള്ളൂ. എന്നാൽ, മനുഷ്യരായി ജീവിച്ചിരുന്ന കാലത്തു് ഉണ്ടായിരുന്ന സ്ഥൂലശരീരം വാമ്പയറുകൾ മരണത്തിനുശേഷവും നിലനിർത്തുന്നതായി യൂറോപ്യർ വിശ്വസിക്കുന്നു.

കിഴക്കേ യൂറോപ്പിലെ അൽബേനിയ, ഗ്രീസ്, ഹംഗറി, റുമാനിയ മുതലായ രാജ്യങ്ങളിലാണു വാമ്പയർക്കഥകൾക്കു പ്രചാരം. ആത്മഹത്യ

ചെയ്യുവരും, മററു വിധത്തിൽ ദുർമരണം അടഞ്ഞവരും, പള്ളിയിൽനിന്നു പുറത്താക്കപ്പെട്ടവരും മററും മരണത്തിനുശേഷം വാമ്പയർമാരായിത്തീരുന്നു. യൂറോപ്പിൽ ശവങ്ങളെ കുഴിച്ചിടുകയാണല്ലോ പതിവ്. 'വാമ്പയർ' ആയിത്തീർന്ന വ്യക്തിയുടെ മൃതദേഹം (ശവം) നശിക്കാതെ നിലനില്ക്കുന്നു. പകൽസമയം കല്ലറകളിൽ ഉറങ്ങുന്ന ഈ ശവം (വാമ്പയർ) രാത്രിയിൽ വാവലിൻെറ (കടവാതിലിൻെറ) രൂപത്തിൽ പുറത്തിറങ്ങി മനുഷ്യവേട്ട നടത്തുന്നു. തക്കം കിട്ടിയാൽ വാമ്പയറുകൾ ഉറങ്ങിക്കിടക്കുന്ന മനുഷ്യരെ തേടിപ്പിടിച്ച്, അവരുടെ കഴുത്തിൽ കൂർത്ത ദംഷ്ട്രകൾ ആഴ്ത്തി ചോര കുടിക്കുന്നു. ഇങ്ങനെ ചോര കിട്ടിക്കൊണ്ടിരിക്കുന്ന കാലത്തോളം വാമ്പയറുകൾ (മനുഷ്യശവങ്ങൾ) ജീവിക്കുന്നു. വാമ്പയറുകളുടെ ഇരകളായിത്തീരുന്ന മനുഷ്യർ ക്രമേണ ശക്തി ക്ഷയിച്ചു മരിക്കുന്നു. മരിക്കുന്നതോടെ ഇവരും വാമ്പയറുകൾ ആയി മാറുന്നു. അങ്ങനെ വാമ്പയറുകളുടെ തലമുറകൾ വളരുന്നു. വാമ്പയറിനെ കൊല്ലാനുള്ള വഴി, അതിൻെറ (ശവശരീരത്തിൻെറ) ഹൃദയത്തിൽ ഒരു വാരിക്കുന്തം കുത്തിയിറക്കുകയാണ്. വെളുത്ത ഉള്ളിച്ചെടിയുടെ പൂവ്, പള്ളിയിലെ തീർത്ഥം മുതലായ വസ്തുക്കൾകൊണ്ടു തല്ക്കാലത്തേക്കു വാമ്പയറുകളെ അകററി നിർത്താം. ദുർമരണം സംഭവിച്ച ഒരാളുടെ ശവം അടക്കിക്കഴിഞ്ഞാൽ, അയാൾ വാമ്പയർ ആയി മാറിയോ എന്നു പരിശോധിക്കാൻ, പതിനാറും പതിനേഴും നൂററാണ്ടുകളിൽ യൂറോപ്പിലെ ജനങ്ങൾ ഇടയ്ക്കിടെ ശവക്കല്ലറകൾ തുറന്നു നോക്കുക പതിവുണ്ടായിരുന്നുവത്രെ.

വാമ്പയറുകളെ ചുററിപ്പററിയുള്ള അന്ധവിശ്വാസങ്ങളെ ആധാരമാക്കി ബ്രാംസ്റ്റോക്കർ രചിച്ച ലോകപ്രസിദ്ധമായ ഒരു നോവൽ ആണ് 'ഡ്രാക്കുള'. അയർലൻഡിൽ ഡബ്ളിൻ നഗരത്തിൽ 1847–ാമാണ്ടിൽ ജനിച്ച ബ്രാംസ്റ്റോക്കർ, സർ ഹെൻറി ഇർവിങ് എന്ന പ്രസിദ്ധനായ നാടകനടൻെറ മാനേജർ ആയിരുന്നു. ഈ നടൻെറ ജീവചരിത്രവും 'പ്രസിദ്ധരായ തട്ടിപ്പുകാർ', 'കടലിലെ രഹസ്യം' എന്നീ ഗ്രന്ഥങ്ങളും ബ്രാംസ്റ്റോക്കറെ പ്രസിദ്ധിയിലേക്ക് ഉയർത്തിയില്ല. എന്നാൽ, 1897–ൽ പ്രസിദ്ധീകരിച്ച 'ഡ്രാക്കുള' ലോകക്ലാസ്സിക്കുകളിൽ ഒന്നായാണു പരിഗണിക്കപ്പെടുന്നത്. ഇതിൻെറ തുടർച്ചയായി 'ഡ്രാക്കുളയുടെ അതിഥി' എന്ന മറെറാരു നോവലും ബ്രാംസ്റ്റോക്കർ എഴുതി. 1912–ൽ ബ്രാംസ്റ്റോക്കർ മരിച്ചു. ഡ്രാക്കുളയുടെ അതിഥി പ്രസിദ്ധീകരിച്ചതു് 1937– ൽ മാത്രമാണ്. അതിനു മുൻ നോവലിൻെറയാത്ര പ്രചാരം കൈവന്നില്ല.

ഇപ്പോൾ ഒരു കമ്യൂണിസ്റ്റ് രാജ്യമായ റുമാനിയയിൽപ്പെട്ട ട്രാൻസിൽവാനിയ എന്ന പ്രദേശത്തു് ക്രിസ്തുവർഷം 1400–നടുത്തു ജീവിച്ചിരുന്ന ഡ്രാക്കുള എന്ന പ്രഭുവിനെ സംബന്ധിച്ച ഐതിഹ്യങ്ങളെ അവലംബിച്ചാണ് ബ്രാംസ്റ്റോക്കർ 'ഡ്രാക്കുള' എന്ന നോവൽ രചിച്ചതു്. വ്ളാഡ്തെപെസ് എന്നായിരുന്നു ഈ പ്രഭുവിൻെറ യഥാർത്ഥ നാമധേയം. തൻെറ കുടിയാന്മാരായിരുന്ന രണ്ടായിരം ജനങ്ങളെ കഴുവേററി കൊന്ന ഈ പ്രഭുവിനു നാട്ടുകാർ നൽകിയ ശകാരപ്പേരാണ് 'ഡ്രാക്കുള' എന്നതു്. ആ വാക്കിന് റുമാനിയൻ ഭാഷയിൽ അർത്ഥം 'ഡ്രാഗൺെറ (വ്യാളിയുടെ, ചെകുത്താൻെറ) മകൻ' എന്നാണ്. മരിച്ചശേഷം ഡ്രാക്കുളപ്രഭു ഒരു വാമ്പയർ ആയി മാറി. അയാളുടെ ശവശരീരം രാത്രിതോറും പുറത്തിറങ്ങി നിർദോഷികളെ ആക്രമിച്ച് അവരുടെ കഴുത്തിൽനിന്നു ചോര കുടിക്കുക പതിവാക്കി. ഇതിനായി വലിയ ഒരു വാവലിൻെറ രൂപത്തിൽ അതു നാടുനീളെ പറന്നു നടക്കുമായിരുന്നു. പുതിയ ഇരകളെ അന്വേഷിച്ച് ഡ്രാക്കുളപ്രഭു (അയാളുടെ ശവശരീരം) റുമാനിയയിൽനിന്നു് ഇംഗ്ലണ്ടിലെത്തി. നാടുനീളെ ഭീതി പരന്നു. ലൂസി വെസ്റ്റേർണ

എന്നും മീന സ്യൂവാർഡ് എന്നും പേരുള്ള രണ്ടു യുവതികളെ ഡ്രാക്കുളപ്രഭു പിന്തുടരുവാൻ തുടങ്ങി. മീനയുടെ പ്രതിശ്രുതവരനായ ജോനാഥൻ ഹാർകർ എന്ന യുവാവും 'വാമ്പയർ ശാസ്ത്ര'ത്തിൽ വിദഗ്ദ്ധനായ അബ്രഹാം വാൻഹെൽസിംഗ് എന്നൊരാളുംകൂടി ഡ്രാക്കുളപ്രഭുവിന്റെ ശവശരീരം കണ്ടെടുത്തു നശിപ്പിക്കുവാൻ ശ്രമിച്ചു. ഒടുവിൽ ഇവർ ആ ജഡം കണ്ടെത്തുകയും അതിന്റെ ഹൃദയത്തിൽ ഒരു വാരിക്കുന്തം കയററി ഡ്രാക്കുള എന്ന വാമ്പയറിന്റെ ബാധ എന്നന്നേക്കുമായി അവസാനിപ്പിക്കുകയുംചെയ്തു. വായനക്കാരന്റെ ചോര ഉറയുമാറ്, യാഥാർത്ഥ്യപ്രതീതി ജനിപ്പിക്കുന്ന വിശദാംശങ്ങളോടെയാണ് ബ്രാംസ്റ്റോക്കർ ഈ അസംബന്ധകഥ വിവരിക്കുന്നത്. ലോകത്തിലെ മിക്ക ഭാഷകളിലും 'ഡ്രാക്കുള'യുടെ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സിനിമയുടെ രൂപത്തിലും ഈ നോവൽ പല തവണ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

ഇററലിയിലെ പാദുവാനഗരത്തിൽ ആഗസ്റ്റ് 24-ാം തീയതി ഉദ്ഘാടനംചെയ്ത 'വാമ്പയർ പ്രദർശന'ത്തിൽ വാമ്പയറുകളെ സംബന്ധിച്ച രേഖകളും ചിത്രങ്ങളും വസ്തുക്കളും മററും ശേഖരിച്ചു കാഴ്ചവെച്ചിരുന്നു. ഈ പ്രദർശനം സംഘടിപ്പിച്ചത് പാദുവാ മുനിസിപ്പൽ കൗൺസിലും, ഇററാലിയൻ ഭാഷയിൽ 'ഡ്രാക്കുള'യുടെ വിവർത്തനം പ്രസിദ്ധീകരിച്ച പുസ്തകശാലക്കാരും ചേർന്നായിരുന്നു. ഡ്രാക്കുളപ്രഭു കടിയാന്മാരെ കഴുവേററി കൊന്നത് ഒരു ആഗസ്റ്റ് 24-ാം തീയതി ആയിരുന്നുവത്രെ. അതിന്റെ സ്മരണയ്ക്കാണു പ്രദർശനത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 24-നു നടത്തിയത്. വലിയ ഏതാനും കശാപ്പുകടകളിലായി ഒരുക്കിയ ഈ പ്രദർശനം ആരംഭിച്ചത് അർദ്ധരാത്രിയിൽ നടന്ന ഒരു അത്താഴസദ്യയോടെയാണ്. വിരുന്നുമുറിയിൽ ഡ്രാക്കുളപ്രഭുവിന്റെ ഒരു വലിയ ചിത്രം, പന്തങ്ങളുടെ വെളിച്ചത്തിൽ ഭീകരത സൃഷ്ടിച്ചു നിലകൊണ്ടു. കറുത്ത വണ്ടികളിൽ വന്നുചേർന്ന അതിഥികളെ, കന്യകമാർ ഉള്ളിപ്പൂവുകൾ കൊടുത്തു സ്വീകരിച്ചു. സദ്യയിലെ ഒരു മുഖ്യ വിഭവം 'മരിച്ച മനുഷ്യരുടെ എല്ലുകൾ' (എല്ലുകളുടെ ആകൃതിയിൽ നിർമിച്ച ബദാംബിസ്കററുകൾ) ആയിരുന്നു. അതിഥികൾക്കു പന്നിച്ചോരകൊണ്ടുള്ള കേക്കുകൾ നന്നെ രുചിച്ചു. അവർക്കു നൽകപ്പെട്ട പാനീയം മനുഷ്യരക്തത്തിന്റെ നിറവും മണവും ഉള്ളതായിരുന്നു (അതിന്റെ രുചിയെപ്പററി റോയ്ട്ടറുടെ റിപ്പോർട്ടിൽ ഒന്നും പറയുന്നില്ല).

എഴുനൂറു വിശിഷ്ടാതിഥികൾ ഈ വിരുന്നിൽ പങ്കെടുത്തു. വിരുന്നിനു ക്ഷണം കിട്ടാൻ നഗരത്തിലെ പ്രമാണിമാർക്കിടയിൽ വലിയ മത്സരമായിരുന്നുവത്രെ. അമേരിക്കൻ പ്രസിഡണ്ട് റേയ്ഗന്റെ ചാർച്ചയും മുൻ ഇററാലിയൻ പ്രസിഡണ്ട് സാൻഡ്രോ പെർട്ടിനിയുടെ വേഴ്ചയും മററും അവകാശപ്പെട്ടുകൊണ്ടാണത്രേ ചിലർ വിരുന്നിനുള്ള ക്ഷണക്കത്തിനുവേണ്ടി പാദുവാ മുനിസിപ്പൽ ആപ്പീസിൽ വന്നു പാടുകിടന്നത്. ക്ഷണം കിട്ടാതെ നിരാശരായ പലരും ഹാളിനു പുറത്തു മൈതാനത്തിൽ നിന്നുകൊണ്ട് അകത്തിരുന്ന് അതിഥികൾ 'മരിച്ചവരുടെ എല്ലുകൾ' കടിച്ചുമുറിക്കുന്നതും മനുഷ്യച്ചോര മോന്തിക്കുടിക്കുന്നതും ആർത്തിയോടെ നോക്കിക്കണ്ടു.

ഭയാനകത്തിലും ബീഭത്സത്തിലും രൗദ്രത്തിലും മനുഷ്യർക്കുള്ള നിത്യനൂതനമായ ആകർഷണത്തിനു വേറെ എന്തു തെളിവു വേണം?

(13 ഒക്ടോബർ, 1985)